പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1103. 25.01.2018 ൽ മറുപടിയ്ക്ക്

## കുട്ടികളിലെ ലഹരി ഉപയോഗം തടയൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ കുട്ടികളിൽ കണ്ടുവരുന്ന ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടികളിൽ ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി 'വിമുക്തി' മിഷന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ലഹരി വിരുദ്ധ സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, ഉപന്യാസ രചന, ചിത്ര രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ബോധവത്ക്കരണ സന്ദേശം പകർന്നു നൽകുന്ന തെരുവുനാടകം, കയ്യുറപാവ നാടകം തുടങ്ങിയ കലാരൂപങ്ങൾ സ്കൂളുകളിലും അവതരിപ്പിച്ചു വരുന്നു. എക്സൈസ് കമ്മീഷണർ നേരിട്ട് 500-ൽപരം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലാസ്സുകൾ നടത്തുകയുണ്ടായി. |
| (ബി) | ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുകയും, ലഹരി വിരുദ്ധ ക്ലബ്ബുകൾ സ്കൂൾ, കോളേജ് തലത്തിലും, വാർഡ് തലത്തിൽ വിമുക്തി മിഷന്റെ ഭാഗമായി കമ്മറ്റികൾ കൂടിയും വിവര ശേഖരണം നടത്തിയും ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും, സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. |
| (സി) | ലഹരി വിമുക്ത കേരളം സൃഷ്ടിക്കുന്നതിനായി ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | വിമുക്തി മിഷന്റെ ഭാഗമായി ജില്ല, പഞ്ചായത്ത് തല വാർഡ് സമിതികൾ രൂപീകരിച്ച് ശക്തമായ ബോധവത്ക്കരണ പരിപാടികൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കും ഇതോടൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും. സിനിമാ |

| | | | |
|---|---|---|---|
| | | | തിയേറ്ററിലൂടെയുള്ള ലഹരിക്കെതിരെ സന്ദേശം പ്രചരിപ്പിക്കുന്ന പരസ്യം പ്രക്ഷേപണം ചെയ്യുന്നതാണ്, ഡിജിറ്റൽ മീഡിയ ക്യാംപയിൻസ് (വാട് സാപ്പ്, ഫേയ്സ് ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം) സോഷ്യൽ മീഡിയകളിലൂടെ ഐ&പി.ആർ.ഡി. സഹകരണത്തോടെ വിമുക്തി മിഷന്റെ സന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കും, പരസ്യങ്ങൾ, ആൽബങ്ങൾ, വീഡിയോകൾ, അനിമേഷൻ മുതലായവ തയ്യാറാക്കി വിമുക്തി മിഷന്റെ സന്ദേശം പ്രചരിപ്പിക്കും. |
| (ഡി) | ലഹരി മാഫിയകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ 2 വർഷം എടുത്തിട്ടുള്ള കേസുകൾ എത്രയൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2016 വർഷത്തിൽ 2985 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു. 2017 വർഷത്തിൽ 5946 കേസ്സുകൾ കണ്ടെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ